**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 481** **30-01-2024 - ൽ മറുപടിയ്ക്ക്**

**ക്ഷേമ പെൻഷനുകളുടെ കേന്ദ്രവിഹിത കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ക്ഷേമ പെൻഷൻ വിതരണത്തിന് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട തുക കുടിശ്ശിക വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക, ഏതെല്ലാം ക്ഷേമ പെൻഷനുകളിൽ കുടിശ്ശികയായിട്ടുണ്ടെന്ന് വിശദമാക്കാമോ? | (എ) | 2020-21 സാമ്പത്തിക വർഷത്തിന്റെ നാലാം പാദം, 2021-22 സാമ്പത്തിക വർഷം,2022-23 സാമ്പത്തിക വർഷം, 2023-24 സാമ്പത്തിക വർഷത്തിന്റെ ഒന്നാം പാദം വരെയുള്ള കേന്ദ്രവിഹിതം കുടിശ്ശിക തുകയായ 602 കോടി രൂപ നിരവധി തവണ ആവർത്തിച്ച് ആവശ്യപ്പെട്ടതിന്റെ ഫലമായി 2023 ഒക്ടോബർ മാസത്തിലാണ് കേന്ദ്രത്തിൽ നിന്നും അനുവദിച്ചിട്ടുള്ളത്. 2023 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ കേന്ദ്രവിഹിതം ഉൾപ്പടെയുള്ള തുക സംസ്ഥാന സർക്കാർ ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത വിതരണത്തിലെ കേന്ദ്രവിഹിതമായ 48,61,79,600/- രൂപ കുടിശ്ശികയുണ്ട്. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ എന്നീ ക്ഷേമപെൻഷനുകളിൽ 2023 ജൂലൈ മാസം മുതലുള്ള കേന്ദ്രവിഹിതം ലഭിക്കാനുണ്ട്. |

സെക്ഷൻ ഓഫീസർ